പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1584 22.03.2013 - ൽ മറുപടിയ്ക്ക്

**കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി**

ചോദ്യം

ഉത്തരം

ശ്രീ. പി.ബി. അബ്ദുൾ റസാക്

**ഡോ. എം.കെ. മുനീർ**

( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യക്ഷേമ വകുപ്പ് നടപ്പാക്കുന്ന കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം നടപ്പ് വർഷം എത്ര കുട്ടികൾക്ക് ശസ്ത്രക്രിയ നടത്തി എന്ന് വ്യക്തമാക്കുമോ; ഇതിനായി എത്ര രൂപ ചെലവഴിച്ചു; | (എ) | കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം ഇതുവരെ 142 കുട്ടികൾക്ക് സർജറി നടത്തി കഴിഞ്ഞു. 31.03.2013 ന് മുൻപ് 58 കുട്ടികളുടെ സർജറി നടത്തുന്നതിനുള്ള അലോട്ട്മെന്റ് ബന്ധപ്പെട്ട ആശുപത്രി അധികൃതർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ഇതുവരെ 6,66,59,024/-രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം സ്ഥാപനങ്ങളിലൂടെയാണ് ഈ സ്കീം നടപ്പിലാക്കുന്നത്; | (ബി) | സാമൂഹ്യനീതി വകുപ്പിനു വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി താഴെപ്പറയുന്ന എംപാനൽ ചെയ്യപ്പെട്ട സർക്കാർ/ സ്വകാര്യ ആശുപത്രികളിലൂടെയാണ് നടപ്പിലാക്കി വരുന്നത്.<br>1. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം<br>2. സാന്ത്വന ആശുപത്രി, തിരുവനന്തപുരം<br>3. കിംസ് ആശുപത്രി, തിരുവനന്തപുരം<br>4. ഡോ. നൗഷാദ്സ് ഇ.എൻ.റ്റി. ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് റിസർച്ച് സെന്റർ, എറണാകുളം<br>5. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, എറണാകുളം<br>6. വെസ്റ്റ് ഫോർട്ട് ഹൈടെക് ആശുപത്രി, തൃശ്ശൂർ<br>7. അൽഷിഫ ആശുപത്രി, പെരിന്തൽമണ്ണ<br>8. ഡോ. മനോജ്സ് സൂപ്പർ സ്പെഷ്യാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ, കോഴിക്കോട്<br>9. മിംമ്സ് ആശുപത്രി, കോഴിക്കോട്<br>10. ഗവ. മെഡിക്കൽകോളേജ് ആശുപത്രി, കോഴിക്കോട് |
| (സി) | പ്രശംസനീയമായ സാമൂഹ്യ സുരക്ഷാ പദ്ധതി എന്ന നിലയ്ക്ക് അടുത്ത ബജറ്റിൽ ഇതിനായി കൂടുതൽ തുക വകയിരുത്തി ശസ്ത്രക്രിയ ആവശ്യമായ എല്ലാവർക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കുവാൻ പദ്ധതി വിപുലീകരിക്കുമോ; | (സി) | പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി ശസ്ത്രക്രിയ ആവശ്യമായ എല്ലാവർക്കും പ്രയോജനം ലഭിക്കുന്ന തരത്തിൽ, അനുയോജ്യമായ രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഈ പദ്ധതി കൂടുതൽ വിപുലപ്പെടുത്താനും പ്രസ്തുത സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായം പ്രസ്തുത പദ്ധതിക്ക് ലഭ്യമാക്കാനും സർക്കാർ ആലോചിക്കുന്നുണ്ടോ; | (ഡി) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കി വരുന്ന സ്നേഹപൂർവ്വം, വയോമിത്രം, ആശ്വാസകിരണം , കോക്ലിയാർ ഇംപ്ലാന്റേഷൻ എന്നിവയുടെ നടത്തിപ്പിന് സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിനു പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായവും ഇപ്പോൾത്തന്നെ ലഭ്യമാക്കുന്നുണ്ട്. |
| (ഇ) | ശസ്ത്രക്രിയ അവശ്യമുള്ള കുട്ടികൾക്ക് നടപടി ക്രമങ്ങൾ വേഗത്തിലാക്കി കാലതാമസം കൂടാതെ ഇത് നടത്താൻ നടപടി സ്വീകരിക്കുമോ? | (ഇ) | കാലതാമസം കൂടാതെ ശസ്ത്രക്രിയയ്ക്ക് സൗകര്യമൊരുക്കുന്ന തരത്തിലുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്. |

R. Vijayan

സെക്ഷൻ ഓഫീസർ